3. ചിറ്റൂർ - പാലക്കാട് ജില്ല

4. കോഴിക്കോട് - കോഴിക്കോട് ജില്ല

5. കോസർഗോഡ് - കാസർഗോഡ് ജില്ല

ഈ ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള ഇറക്കുന്ന കിണറുകൾക്ക് പെർമിറ്റ് ബാധകമല്ല. മറ്റ് ബ്ലോക്കുകളിൽ ഗാർഹിക ആവശ്യത്തിന് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നിയന്ത്രണം നിലവിലില്ല. എന്നാൽ കുപ്പിവെള്ള കമ്പനികൾക്കും വ്യവസായത്തിനുവേണ്ടിയും ഭൂജലം ഉപയോഗിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ബാധകമാക്കിയിട്ടുണ്ട്. ഇതുകൂടാതെ കൊച്ചുകുട്ടികൾ ഇറങ്ങി കിടക്കുന്ന ഇരുപ്പൻ കിണറുകളിലും കുഴൽ കിണറുകളിലും വീഴുകയും കുടുങ്ങുകയും ചെയ്യുന്നത് തടയുവാനായി ബഹു. സുപ്രീം കോടതിയുടെ ഡബ്ല്യു.പി.(സി)നം.36/2009 വിധി പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട കുളങ്ങളുടെ നവീകരണം

152 (4955) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15, 2015-16 വർഷങ്ങളിൽ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം കുളങ്ങൾ നവീകരിക്കാനാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

2014-15, 2015-16 വർഷങ്ങളിൽ പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കുളങ്ങൾ ഒന്നും തന്നെയില്ല. 2015-16 വർഷത്തിൽ ഭരണാനുമതിയ്ക്കായുള്ള കുളങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly